മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: കാരണം പ്രത്യേകിച്ചൊന്നും ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: സ്കൂളിന്റെ പഴക്കംകൊണ്ടാണോ സ്കൂൾ Hand-over ചെയ്യണം എന്നു വിചാരിക്കുന്നത്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അങ്ങിനെയല്ല. അപേക്ഷിച്ചു ആളുകൾക്ക് കൊടുക്കുന്നു എന്നേയുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: ഈ കെട്ടിടം നന്നായി സൂക്ഷിക്കേണ്ടതു് അവർ തന്നെയല്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അവർ തന്നെയാണു്.

PAY OF DRAFTSMAN—INFORMATION REGARDING

128. (204) **Mr. K. I. Velayudhan** *(Pazhanji)*. Will Government be pleased to state.—

(*a*) what are the reasons for fixing the scale of pay of Rs. 30-75 just as in the case of a junior clerk, for the Draftsmen in the Revenue and Forest Departments ;

(*b*) are there any scope for promotion for the Draftsmen to the higher grade of Rs. 80—125 provided for the clerks ;

(*c*) is it necessary that a Draftsman should possess various technical qualifications in addition to the minimum educational qualification common to both clerks and draftsmen ?

Mr. P. Govinda Menon *(Minister for Finance and Law)* :

(*a*) Even prior to revision they were in the same scale as clerks.

(*b*) No.

(*c*) Draftsmen should be technically qualified besides possessing minimum educational qualification.

മിസ്റ്റർ കെ. ഐ. വേലായുധൻ: മിനിമം ക്വാളിഫിക്കേഷൻ ഇല്ലാത്തവർക്ക് Draftsman-ന്റെ ജോലി കൊടുക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മിനിമം ക്വാളിഫിക്കേഷൻ വേണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: മിനിമം ക്വാളിഫിക്കേഷനും, Draftsman Course-ും കഴിച്ചിട്ടുള്ളവർക്ക് Higher Grade-ൽ പ്രമോഷൻ കൊടുത്തുകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവർക്ക് നിശ്ചയിച്ചിട്ടുള്ള ഒരു Grade ആണ് ന. 0 ക. മുതൽ 9 0 ക. വരെ എന്നു പറയുന്നതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അപ്പർ Grade-ൽ പ്രമോഷൻ കൊടുത്താൽ അവർക്ക് ആ ജോലി നിർവ്വഹിക്കുവാൻ സാധിക്കുകയില്ലെന്നു വിചാരിച്ചാണോ ഈ Grade കൊടുത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അപ്പർ ഗ്രെഡിൽ പ്രമോട്ട് ചെയ്യുവാൻ സാധിക്കുകയില്ലെന്നു പറയുന്നില്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: അവർക്കു് മിനിമം ക്വാളിഫിക്കേഷനു പുറമെ Technical ക്വാളിഫിക്കേഷനും കൂടിയുള്ളപ്പോൾ പ്രമോഷൻ കൊടുക്കുന്നില്ലെങ്കിൽ ആ Technical ക്വാളിഫിക്കേഷൻ ഉള്ളതു് ഒരു ദോഷമല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഹ്രസ്വദൃഷ്ടിയെച്ചു് നോക്കുന്നതുകൊണ്ടു തോന്നുന്നതാണു്. ടെക്നിക്കൽ ക്വാളിഫിക്കേഷൻ ഉണ്ടായിരുന്നില്ലെങ്കിൽ അവർക്ക് ഈ ഉദ്യോഗംതന്നെ കിട്ടുകയില്ല.

BRIDGE CONNECTING VADUTHALA AND CHITTUR—STEPS TAKEN

129. (90) ഡോക്ടർ മിസ്സിസ്സ് ടി. ഫ്രാൻസീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) എറണാകുളം നഗരത്തിന്റെ വടക്കെ ഭാഗമായ വടുതലയും ചിറ്റൂരും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള വല്ല ഉദ്ദേശവും ഗവൺമെന്റിനുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതുകൊല്ലത്തിൽ ഈ ഉദ്ദേശം സാധിപ്പിക്കാമെന്നു പറയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ.

(എ) ഉണ്ടു്. അതിനുവേണ്ടി ഒരു പാലം അവിടെ കെട്ടുന്നുണ്ടു്.

(ബി) ഈ കൊല്ലം അവസാനത്തോടുകൂടി.

LIBRARY ARCHIVES Kerala Legislative Assembly